**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **611**      **24.05.2017- ൽ മറുപടിയ്ക്ക്**

## സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ

ചോദ്യം      മറുപടി

ശ്രീ.പി.വി.അൻവർ
ശ്രീമതി യു.പ്രതിഭ ഹരി
ശ്രീ.പി.ടി.എ.റഹിം

**ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി.)**

| | | | |
|---|---|---|---|
| (എ) | സ്ത്രീകളുടെ സാമൂഹിക, സാമ്പത്തിക ദുർബലസ്ഥിതി പരിഹരിക്കുന്നതിനായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക ദുർബലസ്ഥിതി പരിഹരിക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ സ്വയംതൊഴിൽ വായ്പ, ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി വനിതകളുടെ സ്വയം സഹായ സംഘങ്ങൾക്കുള്ള വായ്പാ പദ്ധതി, പിന്നോക്ക/ന്യൂനപക്ഷ വിഭാഗത്തിലെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ വായ്പ എന്നിവ വനിതാ വികസന കോർപ്പറേഷൻ നൽകിവരുന്നുണ്ട്. സ്ത്രീകൾ നേരിടേണ്ടിവരുന്ന സാമൂഹിക പ്രശ്നങ്ങളേയും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളേയും സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പുകളും സെമിനാറുകളും അതാത് രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെ നടപ്പിലാക്കുന്നുണ്ട്.<br><br>കേന്ദ്രസർക്കാരിന്റെ സ്റ്റെപ്പ് പദ്ധതി പ്രകാരം വനിതകൾക്ക് തൊഴിൽ പരിശീലനം നൽകാനും തൊഴിലിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നു. ഈ പദ്ധതിയിലൂടെ വരുമാന സാധ്യതയുള്ള ഏത് |

| | | | |
|---|---|---|---|
| | | | സംരംഭത്തിനും ധനസഹായം നൽകുന്നു. ഈ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയാണ് വനിതാ വികസന കോർപ്പറേഷൻ. കൂടാതെ വനിതകൾക്ക് അനുയോജ്യമായ തൊഴിൽ മേഖലകളിൽ തൊഴിലധിഷ്ഠിത പരിശീലനം നൽകി വരുന്നുണ്ട്.<br>തിരുവനന്തപുരത്തും കണ്ണൂർ പിലാത്തറയിലും പ്രവർത്തിച്ചുവരുന്ന തൊഴിൽ മേഖലയിലെ ഉന്നമനത്തിനുള്ള ഫിനിഷിംഗ് സ്കൂളുകളായ REACH (റിസോഴ്സ് എൻഹാൻസ്ഡ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ്) മുഖേന +2 പാസ്സായ പെൺകുട്ടികൾക്കായി റീച്ച് സർട്ടിഫിക്കേഷൻ കോഴ്സിന്റെ പരിശീലനം നൽകുകയും, കോഴ്സ് പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസ് നൽകുകയും ചെയ്യുന്നു.<br>കേരളത്തിൽ വനിത കോളേജുകളിൽ വനിത വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ഓരോ വിമൻസ് സെൽ പ്രവർത്തിച്ചു വരുന്നു. വിമൻസ് സെൽ മുഖേന വിദ്യാർത്ഥിനികൾക്ക് വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ, കരിയർ ഗൈഡൻസ് പ്രോഗ്രാം, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയും നടത്തിവരുന്നു.<br>സംസ്ഥാന സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെന്റർ അവയർനെസ്സ് പദ്ധതിയുടെ ഭാഗമായി 8 മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കൗമാരക്കാരായ പെൺകുട്ടികൾക്ക് കോർപ്പറേഷന്റെ നേതൃത്വത്തിൽ ആയോധന കലയിൽ പരിശീലനം നൽകി വരുന്നു. പ്രസ്തുത പദ്ധതി മുഖേന വടക്കൻ കേരളത്തിലെ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ തെരെഞ്ഞെടുക്കപ്പെട്ട 50 സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 2000 പെൺകുട്ടികൾക്ക് ആയോധനകലയിൽ പരിശീലനം |

| | | | |
|---|---|---|---|
| | | | നൽകുന്നുണ്ട്.<br>കേരളത്തിലെ വനിതകൾക്ക് 181 എന്ന ഏക ടോൾഫ്രീ നമ്പരിലൂടെ എല്ലാ മേഖലകളിലെയും വിവരാന്വേഷണവും അത്യാവശ്യ സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടു കൂടി, ഇരുപത്തിനാല് മണിക്കൂറും സേവനം ലഭ്യമാക്കുന്ന എമർജൻസി ഹെൽപ്പ് ലൈൻ (മിത്ര 181) ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ സ്ത്രീകൾക്ക് ഏത് അത്യാവശ്യ ഘട്ടത്തിലും സഹായം അഭ്യർത്ഥിക്കാനും നിമിഷങ്ങൾക്കുള്ളിൽ പരിഹാരം കാണാനും ഇതിലൂടെ സൗകര്യം ലഭിക്കും. ഇതിലൂടെ സ്ഥലത്തെ പ്രധാന ആശുപത്രി, പോലീസ് സ്റ്റേഷൻ, ആംബുലൻസ് സർവ്വീസ് എന്നിവയുടെ സേവനങ്ങൾ ദ്രുതഗതിയിൽ ലഭ്യമാകുന്നതാണ്. |
| (ബി) | മൈക്രോ ഫിനാൻസ് ഉൾപ്പെടെയുള്ള സാമ്പത്തിക ശാക്തീകരണ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്ത്രീ ശാക്തീകരണത്തിനും ലിംഗാടിസ്ഥാനത്തിലുള്ള അസമത്വം ഇല്ലാതാക്കുന്നതിനും കോർപ്പറേഷൻ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണ്; പുതുതായി ആരംഭിച്ച മിത്ര 181 പദ്ധതിയ്ക്ക് വ്യാപകമായ പ്രചാരം ലഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | സ്ത്രീകൾ നേരിടേണ്ടിവരുന്ന സാമൂഹിക പ്രശ്നങ്ങളേയും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളേയും സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പുകളും സെമിനാറുകളും അതാത് രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെ നടപ്പിലാക്കുന്നുണ്ട്.<br><br>സാമൂഹിക പ്രാധാന്യം അർഹിക്കുന്ന മേഖലകളിലേക്ക് പുതുതലമുറയെ ബോധവൽക്കരിക്കുക എന്ന ഉദ്ദേശത്തോടെ കേരളത്തിലെ 40 വിമൻസ് കോളേജുകളിൽ വിമൻസ് സെൽ വനിതാ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഈ വിമൻസ് സെൽ മുഖേന വിദ്യാർത്ഥിനികൾക്ക് വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ, കരിയർ ഗൈഡൻസ് പ്രോഗ്രാം, സെമിനാറുകൾ എന്നിവ നടത്തിവരുന്നു.<br><br>മിത്ര 181 പദ്ധതിയുടെ വ്യാപകമായ പ്രചരണാർത്ഥം താഴെപ്പറയുന്ന പ്രചരണ പരിപാടികൾ നടന്നു വരുന്നു.<br><br>1) കേരളത്തിലെ 91 കെ.എസ്.ആർ.റ്റി.സി. ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന നാലായിരത്തിൽപ്പരം ബസ് സർവ്വീസുകളിൽ പതിക്കുന്നതിന് ആവശ്യമായ സ്റ്റിക്കറുകളും പോസ്റ്ററുകളും വിതരണം ചെയ്തു.<br>2) ദക്ഷിണ റെയിൽവേയുടെ കീഴിൽ വരുന്ന 167 ട്രെയിൻ സർവ്വീസുകളിൽ സ്റ്റിക്കറുകൾ പതിക്കുന്നതിനായുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. അതോടൊപ്പം തന്നെ കേരളത്തിലെ എല്ലാ റെയിൽവേ സ്റ്റേഷനുകളിലും പൊതുജന ശ്രദ്ധയിൽപ്പെടത്തക്ക രീതിയിൽ ഒരു ഹ്രസ്വ ചിത്രം പ്രദർശിപ്പിക്കുന്നതിനും ശബ്ദരേഖ |

| | | | |
|---|---|---|---|
| | | | എല്ലാ റെയിൽവേ പ്ലാറ്റ് ഫോമുകളിൽ കേൾപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>3) കേരളത്തിലെ 877 പോലീസ് സ്റ്റേഷനുകളിലും, പോസ്റ്റ് ഓഫീസുകൾ, വിമൻസ് ഹോസ്റ്റൽസ്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, വില്ലേജ് ഓഫീസ്, കളക്ടറേറ്റ്, കോർപ്പറേഷൻ, ജനസേവന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഇതിനോടകം തന്നെ പോസ്റ്ററുകൾ വിതരണം ചെയ്തിട്ടുണ്ട്.<br>4) മിത്ര 181 ന്റെ പ്രചരണാർത്ഥം കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷന്റെ സഹായത്തോടെ ഹ്രസ്വ ചിത്രം നിർമ്മിച്ച് അത് സോഷ്യൽ മീഡിയ പോലുള്ള മാധ്യമങ്ങളിൽ പ്രചരിപ്പിച്ചു വരുന്നു.<br>5) മിത്ര 181 പരസ്യം പതിച്ച ഹോർഡിംഗ്സുകൾ തിരുവനന്തപുരം,, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.<br>6) കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷന്റെ കീഴിൽ വരുന്ന എല്ലാ തീയേറ്ററുകളിലും മിത്ര 181 പരസ്യ ഹ്രസ്വ ചിത്രം പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |